**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

## അപ്പീൽ പരാതി നമ്പർ: P/016/2024
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: മെയ്-028-2024**

പരാതിക്കാരൻ : രാജേഷ് കുമാർ, മരക്കമ്പുവിള,
പുത്തൻ വീട്, മാമൂട്, ചന്ദനത്തോപ്പ് പി.ഓ.,
കൊല്ലം ജില്ല-691014

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
കൊട്ടിയം, കൊല്ലം ജില്ല.

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ള ശ്രീമാൻ. രാജേഷ് കുമാർ കൊല്ലം, ചന്ദനത്തോപ്പ് താമസക്കാരനാണ്. അദ്ദേഹം നെടുമ്പന ഗ്രാമപഞ്ചായത്തിൽ 2014-ൽ ഒരു സ്ഥലം വാങ്ങിയിരുന്നു. സ്ഥലം വാങ്ങുമ്പോൾ അതിൽക്കൂടി ഒരു സിംഗിൾ ഫേസ് ലൈൻ പോകുന്നുണ്ടായിരുന്നു. ആ ലൈൻ മാറ്റി പൊതുവഴിയിലൂടെ ആക്കുന്നതിനു വേണ്ടി ലൈസൻസിയെ സമീപിച്ചെങ്കിലും അതിന്റെ ചെലവ് കണക്കാക്കിയ Rs. 9000/- അടയ്ക്കാൻ കഴിയാത്തതിനാൽ ലൈൻ അവിടെത്തന്നെ സ്ഥിതി ചെയ്തിരുന്നു. 2018-ൽ അയൽവാസിയായിരുന്നയാൾക്ക് ഒരു ത്രീ ഫേസ് കണക്ഷൻ നൽകുന്നതിനുവേണ്ടി നിലവിൽ ഉണ്ടായിരുന്ന സിംഗിൾ ഫേസ് ത്രീ ഫേസാക്കി മാറ്റേണ്ടതായി വന്നു. നിലനിന്നിരുന്ന സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കുന്നതിനുവേണ്ടി സ്ഥലമുടമസ്ഥനായ പരാതിക്കാരനോട് അനുവാദം (consent) ചോദിച്ചിരുന്നില്ല. അതിനാൽ തന്നെ ഈ ലൈൻ മാറ്റി സ്ഥാപിക്കണമെന്നതാണ് പരാതിക്കാരന്റെ ആവശ്യം. ഇതു മാറ്റുന്നതിനുള്ള

ചെലവ് പൂർണ്ണമായും വഹിക്കാൻ പരാതിക്കാരൻ തയ്യാറല്ല. CGRF-ന് നൽകിയ പരാതിയിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉത്തരവ് 29/12/2023-ൽ ഇറക്കിയിരുന്നു. അതിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

നെടുമ്പന ഗ്രാമപഞ്ചായത്തിൽ തന്റെ വസ്തുവിൽ കൂടി ഒരു single phase line connection പോകുന്നുണ്ടായിരുന്നു. ആ ലൈൻ മാറ്റി അടുത്തുകൂടി പോകുന്ന റോഡിലൂടെ മാറ്റുന്നതിന് ഉള്ള നടപടിയുമായി ഞാൻ substation kottiyam പോയി അന്വേഷിച്ചപ്പോൾ 9000 രൂപ എസ്റ്റിമേറ്റ് ആകുമെന്ന് പറഞ്ഞിരുന്നു. എന്നാൽ സാമ്പത്തികമായി ബുദ്ധിമുട്ട് കാരണം എനിക്ക് അതിന് കഴിഞ്ഞില്ല. പിന്നീട് കോവിഡ് വന്നതിനാൽ എനിക്ക് എന്റെ പ്രോപ്പർട്ടിയിൽ പോകാൻ കഴിഞ്ഞില്ല. 2022ൽ ഞാൻ പോകുമ്പോൾ single phase കടന്നു പോകുന്നിടത്തുകൂടി three phase കടന്നുപോയിരിക്കുന്നു. എന്റെ അനുവാദം ചോദിക്കാതെയാണ് അവർ അത് ചെയ്തത്. എന്റെ property-യിൽ ഉള്ള വൃക്ഷങ്ങൾക്ക് ഇടയിലൂടെയാണ് ലൈൻ വലിച്ചിരിക്കുന്നത്. കാറ്റ് അടിക്കുമ്പോൾ ലൈൻ വൃക്ഷത്തിൽ ഉരയുന്ന രീതിയിൽ ആയതിനാൽ തന്നെ അടുത്തുള്ള വീട്ടുകാർ എന്നെ നിരന്തരം വിളിച്ച് വൃക്ഷങ്ങൾ മുറിച്ചു മാറ്റണമെന്ന് പറയുകയും പഞ്ചായത്ത് മെമ്പറും പഞ്ചായത്ത് പ്രസിഡന്റ് കൊണ്ടും വിളിച്ച് പരാതി പറയിപ്പിച്ചു.

ഈ ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി electrical substation kottiyam പരാതി നൽകി എന്നാൽ അവർ മാറ്റി സ്ഥാപിക്കുന്നതിനുള്ള estimate amount ആണ് നൽകിയത്. അതുകഴിഞ്ഞ് ഞാൻ പരാതി CGRF കൊട്ടാരക്കരക്ക് നൽകി അവിടെ വെച്ച് board member മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് രണ്ടുപേരുടെ കയ്യിൽ നിന്നും വാങ്ങി മാറ്റി സ്ഥാപിക്കാം എന്ന് പറഞ്ഞിരുന്നു. എന്നാൽ three phase line ഒന്നിന് മുകളിൽ ഒന്നായി വലിച്ച് alignment ചെയ്യുകയാണ് ചെയ്തത്. ജോലിയുടെ ആവശ്യമായി ഞാൻ പോയിട്ട് തിരിച്ചു വീട്ടിൽ വന്നപ്പോഴാണ് എനിക്ക് CGRF കൊട്ടാരക്കരയിൽ നിന്ന് വന്ന ലെറ്റർ കിട്ടിയത്. അതുകൊണ്ടാണ് ഈ പരാതി The State Electricity Ombudsman അയക്കാൻ താമസിച്ചത്. എന്റെ ഈ പരാതി സ്വീകരിച്ച് ഇതിൽ ഒരു നടപടി സ്വീകരിക്കണം എന്ന് താഴ്മയായി അപേക്ഷിക്കുന്നു

## എതിർക്കക്ഷിയുടെ വാദം

ഈ അപ്പീലിന് ആധാരമായ വിഷയം ബഹുമാനപ്പെട്ട CGRF കൊട്ടാരക്കര മുൻപാകെ OP No :61/2023 പ്രകാരം ഇരുഭാഗത്തേയും വാദം കേട്ട ശേഷം നിയമപ്രകാരം 29-12-2023ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് പ്രസ്തുത ഉത്തരവ് KSEB നടപ്പിലാക്കിയിട്ടുള്ളതുമാണ് എന്നിരുന്നാലും താഴെ പറയുന്ന വസ്തുതകൾ ബഹുമാനപെട്ട ഓംബുഡ്സ്മാൻ മുൻപാകെ തുടർ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

കണ്ണനല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ശ്രീ.സെയ്നുലാബ്ദീൻ (Cn.No.22628) എന്നയാളുടെ ഒരു ഹോളോബ്രിക്സ് സ്ഥാപനത്തിലേക്ക് 3ph കണക്ഷൻ നല്കുന്നതിലേക്കായി 2018 ൽ അപേക്ഷ സമർപ്പിച്ചിരുന്നു പ്രസ്തുത കണക്ഷൻ നല്കുന്നതിലേക്കായി പരാതിക്കാരന്റെ പുരയിടത്തിലൂടെ അന്ന് കടന്നുപോയിരുന്ന 1ph ലൈൻ 3ph ആക്കി മാറ്റി 19 -09 -2018 -ൽ സർവീസ് കണക്ഷൻ നല്കിയിട്ടുള്ളതാണ് ടി കണക്ഷൻ നല്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് എടുത്ത സമയത്തോ ടി പ്രവൃത്തി നടന്ന സമയത്തോ യാതൊരുവിധ പരാതിയോ എതിർപ്പോ ഉണ്ടായിരുന്നില്ല.എന്നാൽ 12-02 -2023 ൽ എതിർകക്ഷി മുൻപാകെ പരാതി സമർപ്പിച്ചിരുന്നതും അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ലൈൻ പൂർണമായി ഒഴിവാക്കി സെയ്നുലാബ്ദീൻറെ പ്രൈവറ്റ് വഴിയിൽപോസ്റ്റ് സ്ഥാപിച്ചു ലൈൻ മാറ്റുന്നതിനുവേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ പ്രസ്തുത തുക അടക്കുവാൻ പരാതിക്കാരൻ വിസമ്മതിക്കുകയാണുണ്ടായത് തുടർന്ന് ശ്രീ.രാജേഷ് കുമാർ പരാതിയുമായി ബഹുമാനപെട്ട CGRF കൊട്ടാരക്കരയെ സമീപിച്ചിരുന്നതും 29-12-2023ൽ ടി പരാതി CGRF തീർപ്പ് കല്പിച്ചിട്ടുള്ളതും ആണ്.

ബഹുമാനപ്പെട്ട ഫോറത്തിന്റെ ഉത്തരവ് പ്രകാരം ബോർഡ് സ്വന്തം ചിലവിൽ നിലവിലുള്ള സിംഗിൾ ഫേസ് ലൈനിന്റെ' right of way ' നിലനിർത്തി 3ph ലൈൻ വലിച്ചു ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ കൊട്ടിയം പ്രസ്തുത സ്ഥലം നേരിട്ടു സന്ദർശിച്ചു കാര്യങ്ങൾ ബോധ്യപ്പെട്ടപ്രകാരം പരാതിക്കാരന്റെ പുരയിടത്തിൽ നിന്നും ലൈൻ പൂർണമായി ഒഴിവാക്കി റോഡിലേക്ക് മാറ്റുന്നതിനാവശ്യമായ തുക supply code 2014 റെഗുലേഷൻ 95 പ്രകാരം അപേക്ഷകൻ ഒടുക്കേണ്ടതാണ്.

ഈ ലൈൻ മാറ്റുന്നതിന്റെ ഗുണഭോക്താക്കളായ ശ്രീ.സെയ്നുലാബ്ദീനും ശ്രീ. രാജേഷ് കുമാറും യോജിച്ചു ഈ തുക അടച്ചാൽ പരിഹരിക്കാവുന്നതാണ് എന്നാൽ ശ്രീ. സെയ്നുലാബ്ദീൻ ഈ അഭിപ്രായത്തോട് നിസ്സഹകരിക്കുകയാണ്

ചെയ്തിട്ടുള്ളത്. പരാതിക്കാരന്റെ പുരയിടത്തിൽ വലിയ മരങ്ങൾ ലൈനിനു സമീപത്തായി നിൽക്കുന്നുണ്ട്. നിലവിൽ ലൈൻ വൃക്ഷങ്ങളിൽ തട്ടുന്ന സാഹചര്യമില്ല. പ്രകൃതി ക്ഷോഭമോ മറ്റോ ഉണ്ടായാൽ ഈ മരങ്ങൾ കടപുഴകിവീണാലുണ്ടാകാവുന്ന സമീപവാസികളുടെ ആശങ്കയാണ് ഈ പരാതിക്കാധാരമായിട്ടുള്ളത് എന്ന് എതിർകക്ഷി മനസിലാക്കുന്നു. അല്ലാതെ വൈദ്യുതി ബോർഡിനെ ഈ വിഷയത്തിൽ അനാവശ്യമായി ഇടപെടീക്കേണ്ട കാര്യമില്ല.

പരാതിക്കാരന്റെ ആവലാതികൾ ഒന്നുംതന്നെ അനുവദിക്കാവുന്നതല്ല. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ എതിർകക്ഷിക്ക് ചെലവ് സഹിതം തള്ളി ഉത്തരവാകണമെന്ന് വിനയപൂർവം അപേക്ഷിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ എൻറെ അറിവിൽ പെട്ടിടത്തോളം ശരിയും സത്യവും ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 15/05/2024-ന് ഉച്ചയ്ക്ക് 02:30-ന് KSEBL, പരുത്തിപ്പാറ,തിരുവനന്തപുരം,IB-യിൽവെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. രാജേഷ് കുമാർ, എതിർ കക്ഷിയായ ശ്രീമതി. ജാസ്മിൻ എം., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, എന്നിവരാണ് കൊട്ടിയം ഹിയറിംഗിൽ പങ്കെടുത്തത്.

അപ്പീൽ പരാതികാരനായ ശ്രീ. രാജേഷ് കുമാർ ജോലി ചെയ്തുണ്ടാക്കിയ സമ്പാദ്യത്തിൽ നിന്നാണ് ഈ സ്ഥലം വാങ്ങിയത്. ഇത് വാങ്ങിയപ്പോൾ തന്നെ ഒരു സിംഗിൾ ഫേസ് ലൈൻ വസ്തുവിലൂടെ കടന്നുപോയിരുന്നതാണ്. അത് മാറ്റുന്നതിനു വേണ്ടി പരാതിക്കാരൻ ലൈസൻസിയെ സമീപിച്ചിരുന്നെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു കാരണം അന്ന് നടത്തിയെടുക്കാൻ കഴിഞ്ഞില്ല. പിന്നെ കുറെ നാളുകൾക്കു ശേഷം വസ്തുവിൽ ചെന്നപ്പോഴാണ് ആ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയിരിക്കുന്നതും അതിൽ നിന്നും ഒരു hollow block നിർമ്മിക്കുന്ന സ്ഥാപനത്തിന് കണക്ഷൻ കൊടുത്തിരിക്കുന്നതും. ഇപ്പോൾ വീണ്ടും ലൈസൻസിയുടെ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ടപ്പോൾ ആവശ്യപ്പെടുന്ന ചെലവ് തുക അധികമായതിനാൽ അദ്ദേഹത്തിന് താങ്ങാൻ കഴിയുന്നില്ല എന്നതിനാലാണ് CGRF-ൽ പരാതി നൽകിയത്. CGRF-ന്റെ ഉത്തരവിൽ 4 line cross arm ന് പകരം 2 line cross arm മുകളിലും താഴെയുമാക്കി മാറ്റി പഴയ right of

way തന്നെ നിലനിർത്താൻ പറയുന്നു. ലൈസൻസി അത് നടപ്പിലാക്കുകയും ചെയ്തു. എന്നാലും അവിടെ വളരുന്ന മരങ്ങളുടെ ചില്ലകളും മറ്റും ലൈനിൽ തട്ടുമ്പോൾ പരിസരവാസികളുടെ സമ്മർദ്ദത്തിനു വഴങ്ങി അവ മാറ്റേണ്ടി വരുന്ന അവസ്ഥ കൂടെ ക്കൂടെ ഉണ്ടാകുന്നു എന്നതും പരാതിക്കാരന്റെ പ്രശ്നമാണ്. The Electricity Act 2003, Section 164 പ്രകാരം ഇലക്ട്രിക് ലൈൻ വലിക്കുന്നതിനും പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും The Indian Telegraph Act 1885 ലെ ആവശ്യമായ സെക്ഷനുകൾ ഉപയോഗിക്കാൻ ലൈസൻസിക്ക് അധികാരം നൽകുന്നു. അതുപോലെ Act 2003ലെ സെക്ഷൻ 67 പ്രകാരം ലൈസൻസിക്ക് ഇതിനുള്ള അധികാരം നൽകിയിരിക്കുന്നു. The Indian Telegraph Act 1885 ലെ സെക്ഷൻ 10ൽ ലൈനും പോസ്റ്റും സ്ഥാപിക്കാനുള്ള അധികാരത്തെക്കുറിച്ച് വിശദീകരിക്കുന്നു.

Section 10 *"The telegraph authority may, from time to time, place and maintain a telegraph line under, over, along, or across and posts in or upon any immovable property:"*

(d) *"in the exercise of the powers conferred by this section, the telegraph authority shall do as little damage as possible, and, when it has exercise those powers in respect of any property other than that referred to in clause(c), shall pay full compensation to all persons interested for any damage sustained by them by reason of the exercise of those powers."*

അതുപോലെ Kerala Electricity Supply Code 2014 ന്റെ റെഗുലേഷൻ 172 പ്രകാരം ഒരിക്കൽ സ്ഥാപിച്ചിട്ടുള്ള ലൈനിൽ വേണ്ട മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അതിനുള്ള അധികാരം ലൈസൻസിക്ക് നൽകിയിരിക്കുന്നു.

**172. Power of the licensee to enter the premises of the consumer for inspection, testing, meter reading and other works.-** (1) "*The distribution licensee may, under Section 163 of the Act, authorise any of his employees or other person to enter any premises to which electricity is, or has been, supplied by the licensee, or any premises or land, under, over, along, across, in or upon which the electric supply- lines or other works have been lawfully placed by the licensee for any one or more of the following purposes:-"*

(i) *"inspecting, testing, repairing or altering the electric supply lines, meters, fittings, works and apparatus for the supply of electricity belonging to the distribution licensee;"*

അതിനാൽ തന്നെ ഉണ്ടായിരുന്ന സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയതിന് അനുവാദം(consent) ചോദിച്ചില്ല എന്ന വാദം നിലനിൽക്കുന്നതല്ല.

ഇനി നിലവിലുള്ള ലൈൻ മാറ്റേണ്ടതുണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ Supply code 2014 ലെ റെഗുലേഷൻ 95ൽ പ്രതിപാദിച്ചിരിക്കുന്നു.

95(1) *"The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes".*

95(2) *"The application for shifting the electric line or electrical plant shall be submitted in the local office of the licensee".*

95(3) *"On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting".*

95(4) *"The application for shifting an electric line or electrical plant shall be granted only if:-*

*a) the proposed shifting is technically feasible; and*

*b) the owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and*

c) *the applicant remits the labour charges required for shifting the electric line or electrical plant".*

95(5) *"The licensee shall shift the electric line or electrical plant if the conditions specified in subregulation (4) are complied with by the applicant".*

ഇതുപ്രകാരം ആ ലൈൻ മാറ്റുന്നതിനുള്ള ചെലവ് ആവശ്യപ്പെടുന്നയാൾ വഹിക്കണം എന്ന് വിശദമാക്കിയിരിക്കുന്നു. വാദം കേൾക്കുന്ന സമയത്ത് പരാതിക്കാരൻ തന്റെ സാമ്പത്തിക പരാധീനതയെക്കുറിച്ച് വിശദീകരിച്ചതിനാൽ ഈ ലൈനിന്റെ ഉപഭോക്താവായ അയൽവാസിയുമായി സംസാരിച്ച് ഒരു സമവായത്തിലൂടെ ഇതിനുള്ള ചെലവ് രണ്ടുപേരും കൂടി വഹിച്ചു നടപ്പിലാക്കുന്നതിനെ കുറിച്ച് സംസാരിച്ച് ഒരു തീർപ്പുണ്ടാക്കാൻ എതിർകക്ഷിയെ ചുമതലപ്പെടുത്തിയിരുന്നു. അതുപ്രകാരം എതിർകക്ഷിയായ കൊട്ടിയം AEE സംസാരിച്ചെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞില്ല

എന്നറിയിച്ചു. ലൈൻ മാറ്റുന്നതിനുള്ള ചെലവിന്റെ ഒരു ഭാഗം വഹിക്കാൻ അദ്ദേഹം തയ്യാറല്ല എന്നാലും തങ്ങളുടെ വഴിയിൽ ലൈൻ മാറ്റുന്നതിന് വേണ്ടിയുള്ള പോസ്റ്റ് സ്ഥാപിക്കുന്നതിന് സമ്മതമാണെന്നും അറിയിച്ചു എന്ന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

ഈ ലൈൻ മാറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് തർക്കങ്ങൾ ഉണ്ടെങ്കിൽ അവസാന തീരുമാനം കൈക്കൊള്ളേണ്ടത് District Magistrate ( ജില്ലാ കളക്ടർ) ആണെന്ന് Indian Telegraph Act 1885 സെക്ഷൻ 17ൽ സൂചിപ്പിച്ചിരിക്കുന്നു.

17(1) *"When, under the foregoing provisions of this Act, a telegraph line or post has been placed by the telegraph authority under, over, along, across, in or upon any property not being vested in or under the control or management of a local authority, and any person entitled to do so desires to deal with that property in such a manner as to render it necessary or convenient that the telegraph line or post should be removed to another part thereof or to a higher or lower level or altered in form, he may require the telegraph authority to remove or alter the line or post accordingly:*

*Provided that, if compensation has been paid under Section 10, clause(d) he shall, when making the requisition, tender to the telegraph authority the amount requisite to defray the expense of the removal or alteration, or half of the amount paid as compensation, whichever may, be the smaller sum."*

17(2) *"If the telegraph authority omits to comply with the requisition, the person making it may apply to the District Magistrate with whose Jurisdiction the property is situated to order the removal or alteration''.*

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ഈ ലൈൻ മാറ്റുന്നതിനുള്ള ചെലവ് (regulation 95 of supply code) പരാതിക്കാരൻ വഹിക്കാൻ തയ്യാറാകുന്ന പക്ഷം ലൈസൻസി ലൈൻ മാറ്റി സ്ഥാപിക്കേണ്ടതാണ്.

2. പരാതിക്കാരൻ തീരുമാനം സ്വീകാര്യമല്ലാത്ത പക്ഷം ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് പരാതി നൽകി പരിഹാരം കാണേണ്ടതാണ്.

3. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/016/2024/ തീയതി: 28/05/2024.

**അയക്കുന്നത്:**

1. രാജേഷ് കുമാർ, മരക്കമ്പുവിള, പുത്തൻ വീട്, മാമൂട്, ചന്ദനത്തോപ്പ് പി.ഓ., കൊല്ലം ജില്ല-691014.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കൊട്ടിയം, കൊല്ലം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര- 691 506.